# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

25/01/2026
02.00pm - 04.00pm

**STD - X**

മാർക്ക് - 50
സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വിവാഹം | * ദൈവവചനം | * യോഹന്നാൻ |
| * സന്യാസം | * പൗലോസ് | * ജീവിതസാക്ഷ്യം |
| * പത്താം പീയൂസ് | * ജറുസലേം | * കരുണ |
| * വചന പ്രഘോഷണം | * സഭ | * ഈജിപ്ത് |
| * വി. ഫ്രാൻസീസ് സേവ്യർ | * പതിനൊന്നാം പീയൂസ് | * വി. ഫ്രാൻസിസ് അസ്സീസി |

1. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം എന്താണ്?
2. മനുഷ്യന്റെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനം എന്ത്?
3. ഈശോയുടെ രക്ഷാകരദൗത്യം തുടരുവാൻ നിയുക്തയായിരിക്കുന്നത് ആര്?
4. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ?
5. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധ്യമല്ല" എന്ന് സാക്ഷ്യപ്പെടുത്തിയ ശ്ലീഹാ ആര്?
6. ക്രൈസ്തവ സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ എവിടെ?
7. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും രക്ഷാകര പദ്ധതിയിലും പങ്കു ചേരുവാൻ അവിടുന്ന് രൂപം കൊടുത്ത സംവിധാനം?
8. വൈദിക ശുശ്രൂഷയുടെ മുഖമുദ്ര എന്ത്?
9. സഭയുടെ പ്രേഷിതത്വത്തിന്റെ അവിഭാജ്യ ഘടകം എന്ത്?
10. പ്രകൃതിയേയും ജീവജാലങ്ങളേയും സ്നേഹിക്കുകയും അവയെ ദൈവാനുഭവത്തിലേക്കുള്ള ചവിട്ടുപടികളായി കണക്കാക്കുകയും ചെയ്ത വിശുദ്ധൻ ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X7=7**

11. വിശുദ്ധിപ്രാപിക്കാൻ രക്ഷാകരമായ ദൈവഭയം മനുഷ്യനെ പ്രേരിപ്പിക്കുന്നത് എങ്ങനെ?

12. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷപ്രഘോഷണം എന്തായിരുന്നു?
13. മതബോധനം വഴി ലക്ഷ്യം വയ്ക്കുന്നത് എന്താണ്?
14. മക്കളുടെ വിശ്വാസ ജീവിതത്തിൽ മാതാപിതാക്കൾ പ്രഥമ അധ്യാപകരും പ്രധാനാദ്ധ്യാപകരുമായി നിലകൊള്ളുന്നത് ഏത് അർത്ഥത്തിലാണ്?
15. ഭാരതം മുഴുവൻ അജപാലനാധികാരമുള്ള സഭയായി സീറോ മലബാർ സഭ മാറിയത് എങ്ങനെ?
16. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം എന്ത്?
17. പുരോഹിതരുടെ അടിസ്ഥാന ദൗത്യം എന്താണ്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 3X3=9

18. "സുവിശേഷ പ്രഘോഷണം" എന്ന അപ്പസ്തോലികപ്രബോധനം അനുസരിച്ച് പൗരോഹിത്യ ശുശ്രൂഷയുടെ മാനങ്ങൾ ഏതെല്ലാം?
19. സഭ ലോകത്തിൽ മിശിഹായുടെ തുടർച്ചയും ദൗത്യവാഹകയുമായി വർത്തിക്കുന്നത് എങ്ങനെ?
20. അനുദിന ജീവിതത്തിൽ വിശുദ്ധി അഭ്യസിക്കുന്നത് എങ്ങനെ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങളിലെ ഒന്നാമത്തെ രഹസ്യം എഴുതുക.
22. മറിയത്തെക്കുറിച്ച് എത്ര വിശ്വാസസത്യങ്ങളാണ് കത്തോലിക്കാ സഭ പ്രഖ്യാപിച്ചിട്ടുള്ളത്?
23. വചനം പൂർത്തിയാക്കുക. മത്തായി 6:33 "നിങ്ങൾ ആദ്യം ............"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. ദൈവസ്ഥാപിതമായ കുടുംബം എങ്ങനെയാണ് വിശ്വാസ പരിശീലന കളരി ആകുന്നതെന്നും, കുടുംബത്തിന്റെ പ്രേഷിത പ്രവർത്തന മാർഗങ്ങൾ എന്തെല്ലാമാണെന്നും 'പ്രേഷിതത്വം കുടുംബജീവിതത്തിലൂടെ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.
26. 'ഉടൻ പ്രതികരിക്കുന്ന മനസ്സിന് നന്നായി ചിന്തിക്കാൻ സമയം കിട്ടില്ല.' ഇന്ന് വൈകാരിക പക്വതയില്ലായ്മ (Emotional immaturity) പല നിസ്സാര പ്രശ്നങ്ങളേയും വലിയ കലഹങ്ങളിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ വൈകാരിക പക്വതയോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിശ്വാസ പരിശീലനവും പ്രാർത്ഥനയും നിങ്ങളെ എങ്ങനെ സഹായിക്കുന്നുവെന്ന് വ്യക്തമാക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

25/01/2026 — മാർക്ക് – 50
02.00pm - 04.00pm — **STD - XI** — സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * ഈശോ | * കൂദാശ | * വി. അൽഫോൻസ |
| * ഉപ്പ് | * സൃഷ്ടികർമ്മത്തിലൂടെ | * പൗലോസ് ശ്ലീഹാ |
| * വി. ജറോം | * വചന പ്രഘോഷണം | * സാത്താൻ |
| * പ്രകാശം | * സോറൻ കീർക്കെഗോർ | * വചനം |
| * വി. ജോൺ പോൾ രണ്ടാമൻ | * ഫ്രാൻസിസ് മാർപാപ്പ | * വി. ഫ്രാൻസിസ് സേവ്യർ |

1. ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത് എങ്ങനെ?
2. ദൈവവും മനുഷ്യനും തമ്മിലുള്ള കൂട്ടായ്മയുടെയും ഉടമ്പടിയുടെയും പ്രതീകമായി ഉപയോഗിച്ചിരുന്നത് എന്ത്?
3. 'ഫ്രത്തെല്ലി തൂത്തി' (ഏവരും സോദരർ) എന്ന ചാക്രിക ലേഖനം ആരുടേതാണ്?
4. എല്ലാ തിന്മകളുടെയും സ്രോതസ്സ്?
5. "ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം" എന്ന തിരുവചനത്താൽ മാനസാന്തരം വന്ന വിശുദ്ധനാര്?
6. പറുദീസായിൽ ആരംഭിച്ച രക്ഷാകര പദ്ധതി പൂർത്തിയായത് ആരിലാണ്?
7. ഹൃദയത്തിലും മനസ്സിലും അനവരതം സൂക്ഷിക്കേണ്ട രക്ഷയുടെ അടയാളം എന്ത്?
8. "മരണം വിൽക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ." ആരുടെ വാക്കുകളാണ്?
9. "എല്ലാ വേദനകളും ഈശോയുടെ തിരുഹൃദയത്തിൽ സമർപ്പിക്കുമ്പോൾ കൈവരുന്ന സന്തോഷം എത്ര വലുതാണ്." ആരാണ് ഇങ്ങനെ പറഞ്ഞത്?
10. "ബൈബിൾ ദൈവം നമുക്ക് അയച്ച പ്രേമലേഖനമാണ്" എന്ന് പറഞ്ഞതാര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം എന്ത്?
12. ദൈവീകമായ നന്മ നമ്മുടെ ശീലമാക്കണമെന്ന് പറയുന്നത് എന്തുകൊണ്ട്?
13. വചനം വായിക്കേണ്ട രണ്ട് രീതികൾ എഴുതുക?

14. എന്താണ് സുവിശേഷവൽക്കരണം?

15. വിശുദ്ധ ഗ്രന്ഥത്തിന് ബൈബിൾ എന്ന പേര് ലഭിച്ചത് എവിടെ നിന്നാണ്?

16. മാമ്മോദീസാ വേളയിൽ കത്തിച്ച ദീപം നൽകികൊണ്ട് കാർമ്മികൻ പറയുന്നത് എന്ത്?

17. ദൈവാവിഷ്കരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. സാത്താൻ മനുഷ്യരിൽ പ്രവർത്തിക്കുന്ന നാല് തലങ്ങൾ വ്യക്തമാക്കുക.

19. മർത്തായിൽ നിന്നും വ്യത്യസ്തമായി വചനം ശ്രവിക്കുന്നതിൽ മറിയത്തിന്റെ മാതൃക എന്താണ്?

20. ഉപ്പിന്റെ ഒരു ഗുണമാണ് സംരക്ഷിക്കുക എന്നത്. ഈശോയുടെ ശിഷ്യന്മാരായ നാം സമൂഹത്തിൽ ജീവിതം സംരക്ഷിക്കാൻ എന്തൊക്കെ ചെയ്യണം?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. വി. യൗസേപ്പിതാവിനോടുള്ള ജപം എഴുതുക.

22 മദർ തെരേസ മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസ സമൂഹം സ്ഥാപിച്ചത് എവിടെ?

23. വചനം പൂർത്തിയാക്കുക. ജറെമിയ 29:11 "കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. ............."

24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിലെ 'തുറന്നിരിക്കുന്ന ബൈബിൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. തിന്മയ്ക്കെതിരെയുള്ള ആത്മീയ സമരായുധങ്ങൾ എന്തെല്ലാമെന്നും തിന്മയുടെ ശക്തികളെ തോൽപ്പിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്നും 'നന്മയിൽ വളരാം, തിന്മയ്ക്കെതിരെ പോരാടാം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

26. വിശ്വാസികളുടെ ക്രിസ്തീയവും മാനുഷികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതാണ് ഭക്തസംഘടനകൾ. നിങ്ങൾ അംഗമായിരിക്കുന്ന ഭക്ത സംഘടന ഏതെന്നും അതിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന നന്മകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

25/01/2026 | മാർക്ക് - 50
02.00pm - 04.00pm | **STD - XII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സഹൃദയ | * മാധ്യമങ്ങൾ | * സമ്പത്ത് |
| * വി. ഇരണേവൂസ് | * Youcat | * CCC |
| * വി. ജറോം | * വി. ജോൺ പോൾ രണ്ടാമൻ | * വില്യം വേർഡ്സ് വർത്ത് |
| * കാരിത്താസ് ഇന്ത്യ | * സുവിശേഷമൂല്യങ്ങൾ | * വി. ഗീവർഗ്ഗീസ് |
| * ഫ്രാൻസീസ് മാർപാപ്പ | * സുവിശേഷ പ്രഘോഷണം | * തോമസ് ആൽവ എഡിസൻ |

1. "പ്രകൃതി ഒരിക്കലും അവളെ സ്നേഹിച്ചവന്റെ ഹൃദയം വേദനിപ്പിച്ചിട്ടില്ല." ഇത് ആരുടെ വാക്കുകൾ?
2. പരിസ്ഥിതിയെ മലിനപ്പെടുത്തുന്നത് കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമാണെന്ന് പറഞ്ഞതാര്?
3. ആധുനിക മനുഷ്യന്റെ സഹയാത്രികരായി വിശേഷിപ്പിക്കുന്നത് എന്തിനെ?
4. "വിലപ്പെട്ടതൊന്നും വെറുതെയിരുന്നപ്പോൾ എനിക്ക് വീണുകിട്ടിയതല്ല, എന്റെ കണ്ടുപിടിത്തങ്ങളെല്ലാം കഠിനാധ്വാനത്തിന്റെ ഫലങ്ങളാണ്." ഇത് ആരുടെ വാക്കുകളാണ്?
5. ഇന്ന് ലോകം ഉയർത്തിപ്പിടിക്കുന്ന എല്ലാ മനുഷ്യാവകാശ നിയമങ്ങളുടെയും അടിസ്ഥാനം എന്ത്?
6. മാമ്മോദീസ സ്വീകരിച്ച ഈശോയുടെ ശിഷ്യരായ നമ്മുടെ കടമയെന്ത്?
7. ജീവന്റെ നിലനില്പ്പിനും വളർച്ചയ്ക്കും ഒരുവനെ സഹായിക്കുന്ന ദൈവദാനം എന്ത്?
8. "പ്രകൃതി ദൈവത്താൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി നൽകപ്പെട്ടിരിക്കുന്ന അനുഗ്രഹീത ഭവനമാണ്" എന്നുപറഞ്ഞ സഭാ പിതാവ് ആര്?
9. ഭാരത കത്തോലിക്കാ സഭയുടെ ഔദ്യോഗിക സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രസ്ഥാനത്തിന്റെ പേരെന്ത്?
10. "മനുഷ്യനായിരിക്കുക എന്നതിന്റെ അർത്ഥം ദൈവത്തിൽ നിന്ന് വരുകയും ദൈവത്തിലേക്ക് പോകുകയും ചെയ്യുകയെന്നതാണ്." ഇത് ഏത് ഗ്രന്ഥത്തിൽ നിന്ന്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. വർത്തമാനപുസ്തകം രചിച്ചതാര്? എന്താണ് ഈ പുസ്തകത്തിന്റെ ഇതിവൃത്തം?

12. നോമോഫോബിയ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
13. എന്താണ് അധ്വാനം?
14. സമ്പത്ത് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
15. കേരളത്തിലെ വിദ്യാഭ്യാസത്തെ ജനകീയമാക്കിയത് ആര്? എങ്ങനെ?
16. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യന്മാരോട് പറഞ്ഞതെന്ത്?
17. പുറന്തള്ളപ്പെടുമോ എന്ന അനിയന്ത്രിതമായ ഭയം(FoMO) ഒരു മനുഷ്യനെ എങ്ങനെയെല്ലാം ബാധിക്കും?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.
19. 'പരിസ്ഥിതി സംരക്ഷണവും ധാർമികതയും' എന്ന വിഷയത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
20. ക്രൈസ്തവ സാക്ഷ്യത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം? വിശദമാക്കുക.

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാ ജപം എഴുതുക.
22. Dilexit nos (അവൻ നമ്മെ സ്നേഹിച്ചു) ആരുടെ ചാക്രിക ലേഖനമാണ്?
23. വചനം പൂർത്തിയാക്കുക. റോമാ 5:4 "കഷ്ടത സഹനശീലവും ......"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിലെ 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. 'മനുഷ്യൻ അധ്വാനിച്ച് ജീവിക്കുക എന്നത് അവന്റെ കടമയാണ്.' 'അധ്വാനത്തിന്റെ മഹത്വവും സമ്പത്തിന്റെ വിനിയോഗവും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി അധ്വാനത്തിന്റെ ദൈവിക മാനത്തേയും മാനുഷിക മാനങ്ങളേയും വിവരിക്കുക.

26. മാർഗ്ഗം ഏതായാലും ലക്ഷ്യം നന്നായാൽ മതി എന്നു നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഇത് ക്രിസ്തീയമല്ല. ക്രൈസ്തവ ധാർമികതയിൽ ലക്ഷ്യംപോലെതന്നെ പ്രധാനപ്പെട്ടതാണ് മാർഗ്ഗവും. ഉദാഹരണമായി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നത് ശരിയായ രീതിയിലൂടെ അല്ലെങ്കിൽ അതിന് എന്ത് മൂല്യമാണുള്ളത്. ലക്ഷ്യത്തിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ മടിയില്ലാത്ത ഈ കാലഘട്ടത്തിൽ, ലക്ഷ്യം പോലെതന്നെ മാർഗ്ഗവും പ്രധാനപ്പെട്ടതാണ് എന്ന വിഷയത്തെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ് :<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

25/01/2026 | മാർക്ക് - 50
02.00pm - 04.00pm | **STD - XII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വി. കുർബാന | * ഇടവക സമൂഹം | * 1653 |
| * വി. ഇഗ്നേഷ്യസ് | * 24 | * ആരാധന |
| * 1645 | * അറിവ് | * മാധ്യമങ്ങൾ |
| * കുടുംബം | * 16 | * യുക്തി |
| * തോറ | * വി. തോമസ് അക്വിനാസ് | * പന്ത്രണ്ടാം പിയൂസ് മാർപാപ്പ |

1. യഹൂദമതത്തിന്റെ നിയമപുസ്തകം അഥവാ പഞ്ചഗ്രന്ഥങ്ങൾക്ക് നൽകിയിരിക്കുന്ന പേരെന്ത്?
2. കൂനൻ കുരിശു സത്യം നടന്ന വർഷം?
3. വൈവിധ്യമുള്ള എത്ര വ്യക്തിഗത സഭകളാണ് കത്തോലിക്കാ സഭ യിൽ ഉള്ളത്?
4. സഭയുടെ പരമോന്നതമായ ദൈവാരാധന എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
5. ഏത് നൂറ്റാണ്ടിലാണ് പ്രൊട്ടസ്റ്റന്റ് സഭകൾ യൂറോപ്പിൽ രൂപം കൊണ്ടത്?
6. ഈശ്വരാസ്തിത്വത്തെ കുറിച്ചുള്ള ബോധ്യത്തിൽ എത്താൻ സഹായി ക്കുന്ന അഞ്ചുവാദമുഖങ്ങൾ നിർദ്ദേശിച്ചത് ആരാണ്?
7. ആധുനിക മനുഷ്യന്റെ സഹയാത്രികരായി വിശേഷിപ്പിക്കുന്നത് എന്തിനെ?
8. ഈശോമിശിഹാ സ്ഥാപിച്ച സഭയെ കത്തോലിക്കാസഭയെന്ന് ആദ്യം വിളിച്ചത് ആര്?
9. "പ്രതീക്ഷയോടെ ശാസ്ത്രം തുറക്കുന്ന ഓരോ വാതിലിനും പിന്നിൽ ദൈവം നിൽക്കുകയായിരുന്നുവോയെന്നു തോന്നുമാറ്, യഥാർത്ഥ ശാസ്ത്രം എത്രയധികം പുരോഗമിക്കുന്നുവോ അത്രകണ്ട് അത് ദൈവത്തെ ആവിഷ്കരിക്കുന്നു." ഇത് ആരുടെ വാക്കുകളാണ്?
10. ഒരു വിശ്വാസിയെ സംബന്ധിച്ച് അവന്റെ സാക്ഷ്യജീവിതത്തിന്റെ രണ്ടാമത്തെ തലം ഏത്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X7=7**

11. ആരാണ് യുക്തിവാദികൾ?
12. എന്താണ് എക്യുമെനിസം?
13. സത്യം അറിയാനുള്ള വഴികൾ ഏതെല്ലാം?

14. യേശു ക്രിസ്തുവിനെ ഇതര മതസ്ഥാപകരിൽ നിന്നും വ്യത്യസ്തനാക്കുന്നത് എങ്ങനെയെന്നാണ് പൗലോസ് ശ്ലീഹാ 1 തിമോത്തി 3:16-ൽ പറയുന്നത്?
15. പ്രൊട്ടസ്റ്റന്റ് സഭയിലെ പ്രധാനപ്പെട്ട സഭാ സമൂഹങ്ങൾ ഏതെല്ലാം?.
16. ലോകത്തിൽ സമാധാനവും പുരോഗതിയും ഉണ്ടാവുക എപ്പോഴാണ്?
17. കുടുംബം ക്രിസ്തീയ ഗുരുകുലമാകുന്നത് എങ്ങനെ?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. ഈശോ വാഗ്ദാനം ചെയ്ത രക്ഷ അതിന്റെ പൂർണ്ണതയിൽ മനുഷ്യന് കരഗതമാകുന്നത് സഭയിലൂടെയാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?
19. 'അക്രൈസ്തവ മതങ്ങൾ' എന്ന പേരിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചിരിക്കുന്ന പ്രഖ്യാപനത്തിൽ മറ്റു മതവിഭാഗങ്ങളിലുള്ളവരോട് ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട സമീപനം വ്യക്തമാക്കുക.
20. മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാ ജപം എഴുതുക.
22. Dilexit nos (അവൻ നമ്മെ സ്നേഹിച്ചു) ആരുടെ ചാക്രിക ലേഖനമാണ്?
23. വചനം പൂർത്തിയാക്കുക. റോമാ 5:4 "കഷ്ടത സഹനശീലവും ......"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിലെ 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. ഓരോ ക്രിസ്തുശിഷ്യനും ഈശോയുടെ സാക്ഷിയാണ്. ക്രൈസ്തവ സാക്ഷ്യത്തിന്റെ വിവിധ തലങ്ങളേയും, വിവിധ രീതികളേയും 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

26. മാർഗ്ഗം ഏതായാലും ലക്ഷ്യം നന്നായാൽ മതി എന്നു നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഇത് ക്രിസ്തീയമല്ല. ക്രൈസ്തവ ധാർമികതയിൽ ലക്ഷ്യംപോലെതന്നെ പ്രധാനപ്പെട്ടതാണ് മാർഗ്ഗവും. ഉദാഹരണമായി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നത് ശരിയായ രീതിയിലൂടെ അല്ലെങ്കിൽ അതിന് എന്ത് മൂല്യമാണുള്ളത്. ലക്ഷ്യത്തിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ മടിയില്ലാത്ത ഈ കാലഘട്ടത്തിൽ, ലക്ഷ്യം പോലെതന്നെ മാർഗ്ഗവും പ്രധാനപ്പെട്ടതാണ് എന്ന വിഷയത്തെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |